(ഇ) പ്രസ്തുത ഭൂമി സംസ്ഥാനത്തിന്റെ ഏതെല്ലാം ജില്ലകളിലെ, ഏതെല്ലാം താലൂക്കുകളിലെ ഏതെല്ലാം റവന്യൂ വില്ലേജുകളിലാണ് ഉൾപ്പെട്ടിരിക്കുന്നത് ; വിശദമാക്കുമോ ;

(എഫ്) ഇത് സംബന്ധിച്ച നോട്ടിഫിക്കേഷന്റെ പകർപ്പ് നൽകാമോ ?

ഉത്തരം

(എ) 1986-ലെ കേരള വൃക്ഷ സംരക്ഷണ നിയമപ്രകാരം സംസ്ഥാനത്തെ വനേതര പ്രദേശങ്ങളിലെ മരംമുറി നിയന്ത്രിക്കപ്പെട്ടിട്ടുണ്ട്. ടി നിയമത്തിലെ സെക്ഷൻ (4) പ്രകാരം ചന്ദനം, തേക്ക്, ഈട്ടി, ഇരുൾ, തേന്മാവ്, കമ്പകം, ചമ്പകം, ചടച്ചി, ചന്ദനവേമ്പ്, ചീനി എന്നീ പത്തിനം മരങ്ങൾ മുറിക്കുന്നതിന് സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സെക്ഷൻ 5 പ്രകാരം സംസ്ഥാനത്തെ സ്വകാര്യ വനങ്ങളിലോ, കാർഡമം ഹിൽ റിസർവ്വിലോ ഇതിനായി പ്രത്യേകം പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിലോ ഉൾപ്പെട്ട സ്ഥലങ്ങളിൽ എല്ലാ ജാതി മരങ്ങളും മുറിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) 1971-ൽ കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് & അസൈൻമെന്റ്) ആക്ട് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പല പ്രദേശങ്ങളും പിന്നീട് കോടതി വിധികളുടെ അടിസ്ഥാനത്തിൽ പഴയ ഉടമസ്ഥർക്ക് തിരികെ നൽകിയിട്ടുണ്ട്. ഇപ്രകാരം തിരികെ നൽകിയ പ്രദേശങ്ങളിലെ വൃക്ഷങ്ങൾ അനിയന്ത്രിതമായി മുറിക്കപ്പെടാതിരിക്കാൻ പലപ്പോഴായി പല പ്രദേശങ്ങളും സെക്ഷൻ 5-ന് കീഴിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(സി) പകർപ്പുകൾ ശേഖരിച്ച് വരുന്നു.

(ഡി) കാർഡമം ഹിൽ റിസർച്ച് വനത്തിലേർപ്പെട്ട എല്ലാ സ്ഥലങ്ങളിലും മരം മുറിയിൻമേലുള്ള നിയന്ത്രണം നിയമംമൂലം ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ കാർഡമം ഹിൽ മേഖലയിൽ മരംമുറി നിയന്ത്രണം ഏർപ്പെടുത്തുന്നതിന് പ്രത്യേകം നോട്ടിഫിക്കേഷൻ ആവശ്യമില്ല.

(ഇ&എഫ്) ഇത് സംബന്ധിച്ച് വിവരങ്ങൾ ശേഖരിച്ച് വരുന്നു.

ചന്ദനമരങ്ങൾ മുറിക്കുന്നത് തടയുന്നതിന് നടപടി

226(833) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ചന്ദനക്കാടുകളിൽ നിന്ന് വ്യാപകമായി ചന്ദനമരങ്ങൾ മുറിക്കുന്നത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) കേരളത്തിൽ വീട്ടുപറമ്പുകളിൽ നട്ടുവളർത്തുന്ന ചന്ദനമരങ്ങൾ രാത്രികാലത്ത് മുറിച്ചുകൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ ചന്ദനക്കാടുകളിൽ നിന്ന് വ്യാപകമായ മരം മുറി നടക്കുന്നില്ല. ഇടുക്കി ജില്ലയിൽ മറയൂർ ചന്ദനഡിവിഷന് കീഴിൽ മറയൂർ എന്ന സ്ഥലത്താണ് സംസ്ഥാനത്തെ ഏകചന്ദന റിസർവ്വ് ഉള്ളത് ചന്ദനമരങ്ങൾ വെട്ടിക്കൊണ്ട് പോകുന്നത് തടയുന്നതിനും അമൂല്യ സമ്പത്തായ ചന്ദന മരങ്ങളെ സംരക്ഷിക്കുന്നതിനുമായി മറയൂർ ചന്ദന ഡിവിഷൻ എന്ന പേരിൽ ഒരു പുതിയ ഡിവിഷൻ രൂപീകരിച്ച് ചന്ദന സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തിവരുന്നു. സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിച്ചുകൊണ്ടിരുന്ന 23 ചന്ദന ഫാക്ടറികൾ സർക്കാർ ഉത്തരവ് അനുസരിച്ച് 02/2005-ൽ പ്രവർത്തനം നിർത്തി വയ്പ്പിച്ചിട്ടുണ്ട്. ചന്ദനമരമോഷണം തടയുന്നതിനുള്ള ഡോഗ് സ്ക്വാഡിന്റെ പരിശീലനം നടന്നു വരുന്നു. ചന്ദനമര മോഷ്ടാക്കളെ കണ്ടെത്തുന്നതിന് വേണ്ടി താത്ക്കാലികമായി പോലീസ് ഡോഗ് സ്ക്വാഡിന്റെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. ചന്ദന സംരക്ഷണം കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിനായി 1961-ലെ കേരള ഫോറസ്റ്റ് ആക്ടിൽ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. പ്രധാന ഭേദഗതികൾ താഴെ പറയുന്നവയാണ് :

1. ഒരു കിലോഗ്രാമിൽ കൂടുതൽ ചന്ദനത്തടിയോ 100 ഗ്രാമിൽ കൂടുതൽ ചന്ദനതൈലമോ ലൈസൻസില്ലാതെ ഒരു വ്യക്തിയുടെ കൈവശം വയ്ക്കുവാൻ പാടില്ല.

2. ഒരു കിലോഗ്രാമിൽ കൂടുതൽ ചന്ദനത്തടിയോ 100 ഗ്രാമിൽ കൂടുതൽ ചന്ദനതൈലമോ കൈവശമുള്ള വ്യക്തികൾ കൂടുതലുള്ള ചന്ദനത്തടിയും തൈലവും സർക്കാരിന് സറണ്ടർ ചെയ്യേണ്ടതും ആയതിന് സർക്കാരിൽ നിന്നും വില നൽകുന്നതുമായിരിക്കും.

3. ചന്ദന തടിയും ചന്ദനതൈല നിർമ്മാണവും സംബന്ധിച്ച് എല്ലാ അധികാരങ്ങളും സർക്കാരിൽ നിക്ഷിപ്തമായിരിക്കും.

4. ചന്ദന കേസ്സുകളിൽ ശിക്ഷിക്കപ്പെടുന്നവർക്ക് കുറഞ്ഞത് 3 കൊല്ലം മുതൽ 7 കൊല്ലം വരെ തടവു ശിക്ഷയും, 10,000 രൂപ മുതൽ 50,000 രൂപ വരെ പിഴയും ലഭിക്കും. രണ്ടാം തവണ കുറ്റം ആവർത്തിച്ചാൽ ശിക്ഷ കുറഞ്ഞത് 5 കൊല്ലം തടവും, 25,000 രൂപ പിഴയുമായി ഭേദഗതി ചെയ്തിട്ടുണ്ട്.

5. ഏതൊരു വ്യക്തിയും വനം വകുപ്പിന്റെ മുൻകൂർ അനുവാദമില്ലാതെ തങ്ങളുടെ ഭൂമിയിൽ നിൽക്കുന്ന ചന്ദനമരങ്ങൾ മുറിക്കുവാനോ പിഴുതുമാറ്റുവാനോ നീക്കം ചെയ്യുവാനോ വിൽക്കുവാനോ പാടുള്ളതല്ല.

പൊതുമേഖലയിൽ കേരളാ വനം വികസന കോർപ്പറേഷന്റെ കീഴിൽ മറയൂരിൽ ഒരു ചന്ദന ഫാക്ടറി തുടങ്ങാനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വീട്ടുപറമ്പുകളിൽ നട്ടുവളർത്തുന്ന ചന്ദനമരങ്ങൾ സംരക്ഷിക്കുന്നതിന് വനം വകുപ്പ് പോലീസുമായി ചേർന്ന് പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. സ്വകാര്യ വ്യക്തികളുടെ പറമ്പുകളിൽ നിന്ന് ചന്ദന മരം മോഷ്ടിക്കുന്നവരെ പോലീസ് പിടികൂടുന്ന മുറയ്ക്ക് കേസ് വനം വകുപ്പിന് കൈമാറുന്നുണ്ട്. ഇത്തരം കേസുകളിൽ പ്രതികൾക്ക് വനനിയമങ്ങൾ പ്രകാരമുള്ള പരമാവധി ശിക്ഷ ഉറപ്പുവരുത്തുന്നുണ്ട്.

വനോത്പന്നങ്ങൾ

227(934) ശ്രീ. കെ. സി. രാജഗോപാലൻ :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. ബി. രാഘവൻ :
ശ്രീ. എം. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനങ്ങളിൽ നിന്നും ഇപ്പോൾ ലഭിക്കുന്ന വനോത്പന്നങ്ങൾ എന്തെല്ലാമാണ് ;

(ബി) ഇവയുടെ വിൽപ്പന സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(സി) തടി വിൽപ്പനയിൽ കഴിഞ്ഞ 3 വർഷങ്ങളിൽ എത്ര രൂപ ലഭിച്ചു എന്ന് വ്യക്തമാക്കുമോ ; തേക്കുതടി പൊതുജനങ്ങൾക്ക് തടിഡിപ്പോകളിലൂടെ ചില്ലറവിൽപ്പനയ്ക്ക് നൽകുന്നുണ്ടോ ;

(ഡി) തടിയുടെ ചില്ലറവിൽപ്പന സംവിധാനം ഏർപ്പെടുത്തിയതിന്റെ ഫലമായി വരുമാനവർദ്ധനവ് ഉണ്ടായിട്ടുണ്ടോ ;

(ഇ) പട്ടികവർഗ്ഗക്കാർക്ക് കെട്ടിടനിർമ്മാണത്തിന് തടി നൽകുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണ് ;

(എഫ്) വനവിഭവങ്ങളുടെ വിപണനത്തിനായി രൂപീകരിച്ച വനശ്രീയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വനങ്ങളിൽനിന്നും വിവിധ ഇനം തടികളും, തടിയേതര വനവിഭവങ്ങളായി മുള, ഈറ, ചൂരൽ, ഔഷധ സസ്യങ്ങൾ തുടങ്ങിയ ചെറുകിട വനവിഭവങ്ങളും ലഭിക്കുന്നുണ്ട്.

(ബി) വനത്തിൽനിന്നും ശേഖരിക്കുന്ന തടികൾ സർക്കാർ തടി ഡിപ്പോകൾ വഴിയും ഡമ്പിങ്ങ് ഡിപ്പോകൾ വഴിയും പൊതു ദർഘാസ്/ലേല വ്യവസ്ഥയിലാണ് വിൽക്കുന്നത്. കൂടാതെ എല്ലാ തടി ഡിപ്പോകളിലും സ്വന്തം കെട്ടിട നിർമ്മാണത്തിന് ക്ലാസ്സ് II, ക്ലാസ്സ് III, തേക്ക് തടികൾ ചില്ലറ വിൽപ്പനയിലൂടെയും പൊതുജനങ്ങൾക്ക് നൽകുന്നുണ്ട്. യൂക്കാലിപ്റ്റസ്, അക്കേഷ്യ തുടങ്ങിയ പൾപ്പ്വുഡ്

LIBRARY ARCHIVES Kerala Legislative Assembly